ഉത്തരവുകളുടെ പകർപ്പ് അനുബന്ധം-II ആയി ചേർക്കുന്നു*. ഇതനുസരിച്ച് ടെക്നോപാർക്ക്, ടോറസ് ഇൻവെസ്റ്റ്മെന്റ്സ് ഹോൾഡിംഗ്സ് എൽ.എൽ.സി., റ്റി.എച്ച്.ആർ. ഇന്ത്യാ വെൻച്വർ എൽ.എൽ.സി. എന്നിവ സംയുക്തമായി ഒരു ഫ്രെയിംവർക്ക് ഉടമ്പടി 30-9-2015-ൽ ഒപ്പുവച്ചു. പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി കൈമാറുന്നതിനുള്ള കരാർ ഉടമ്പടി ഒപ്പുവച്ചതിനുശേഷമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളൂ. ഈ സാമ്പത്തികവർഷം തന്നെ കരാർ ഉടമ്പടിയിൽ ഒപ്പുവയ്ക്കാനാകുമെന്ന് കരുതുന്നു.

കരകൗശലമേഖലയിലെ പ്രതിസന്ധി

165 (550) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല മേഖലയിൽ നിലവിലുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഈ മേഖലയിലെ തൊഴിലാളികൾക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുക തൊഴിലാളികളുടെ പുരോഗതിക്കായി ഉപയോഗപ്പെടുന്നതിന് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതുമൂലം ഈ മേഖലയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. കരകൗശല മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്കും സഹകരണ സ്ഥാപനമായ സുരഭിക്കും അടിസ്ഥാന സൗകര്യ വികസനം, ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ്, തൊഴിലധിഷ്ഠിത വൈദഗ്ധ്യ പരിശീലനം എന്നിവയ്ക്കായി സർക്കാർ സാമ്പത്തികസഹായം നൽകിവരുന്നു. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകിവരുന്നു. കരകൗശലമേഖലയിലെ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ കേരള കരകൗശല വികസന കോർപ്പറേഷൻ ന്യായവില നൽകി ശേഖരിച്ച് വിപണനം നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് സ്കിൽ അപ്ഗ്രഡേഷൻ വഴി കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ഈറ്റ-പനമ്പ്-നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ട്. മേൽ നടപടികളിലൂടെ കരകൗശല തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യം, തൊഴിലുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുള്ള സാമ്പത്തിക സഹായം, നിശ്ചിത വരുമാനം, തൊഴിലധിഷ്ഠിത വൈദഗ്ധ്യം വർദ്ധിപ്പിക്കൽ എന്നിവ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്.

കുണ്ടറ സിറാമിക്സ്

166 (551) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവൃത്തിക്കുന്ന കുണ്ടറ സിറാമിക്സിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ബി) സിറാമിക്സ് ഉല്പന്നങ്ങൾ, കാലാനുസൃത പരിഷ്കരണവും വൈവിധ്യവത്ക്കരണവും വരുത്തി പുനരുദ്ധരിക്കുന്നതിനും ലാഭകരമാക്കി യെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കുറെ വർഷങ്ങൾക്കുശേഷം ആദ്യമായി 2016 ജനുവരി മാസം കമ്പനി ലാഭത്തിലാണ് പ്രവൃത്തിച്ചത്. കാലാനുസൃതമായ സാങ്കേതിക വിദ്യയുടെയും പ്ലാന്റിന്റെ ആധുനികവൽക്കരണത്തിന്റെയും അഭാവവും പ്രധാന അസംസ്കൃത വസ്തുവായ ചൈനക്ലേയുടെ ലഭ്യതക്കുറവും കുണ്ടറ സിറാമിക്സിന്റെ പ്രവർത്തനങ്ങളിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

(ബി) പ്രധാന അസംസ്കൃത വസ്തുവായ ചൈനാക്ലേയുടെ ലഭ്യത ഉറപ്പുവരുത്താൻ പുതിയ ഖനനഭൂമി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം തന്നെ സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടി ഭരണാനുമതി ലഭിച്ച 28.74 കോടി രൂപയുടെ പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly